62

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JUNE 2024

## ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ **രാജ്യത്തെ ആദ്യ എഐ കോൺക്ലേവ്** അടുത്തമാസം കൊച്ചിയിൽ

സമ്മേളനത്തിന്റെ വെബ്സൈറ്റ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി **ശ്രീ. പി.രാജീവ്** പ്രകാശനം ചെയ്തു




സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് 2024 ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ രാജ്യാന്തര ജനറേറ്റീവ് എഐ കോൺക്ലേവ് സംഘടിപ്പിക്കുന്നു. കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷനൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ ഭരണകർത്താക്കൾ, വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. ആധുനിക സാങ്കേതികവിദ്യയായ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പുകൾക്കും സംരംഭകർക്കും വിദ്യാർഥികൾക്കും പ്രാവീണ്യം നൽകാൻ ജനറേറ്റീവ് എ.ഐ. ഇന്റർനാഷണൽ കോൺക്ലേവ് സഹായകമാകും. ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ രാജ്യത്തെ ആദ്യസമ്മേളനമാണിത്.

സമ്മേളനത്തിന്റെ വെബ്സൈറ്റ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പ്രകാശനം ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, ഐ.ടി. മിഷൻ ഡയറക്ടർ ശ്രീമതി അനുകുമാരി, കെ.എസ്.ഐ.ഡി.സി. എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ. ആർ.ഹരികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എഐ ഡെസ്റ്റിനേഷനാക്കി മാറ്റാനാണു സർക്കാർ ലക്ഷ്യമിടുന്നതെന്നു ബഹു. മന്ത്രി പറഞ്ഞു. ഗവേഷണ - വികസന മേഖല കളിൽ പ്രതിഭകളെ കണ്ടെത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമത്തിൽ സുപ്രധാന ചുവടുവയ്പായി കോൺക്ലേവ് മാറുമെന്ന് ഓൺലൈനായി വെബ്സൈറ്റ് ഉദ്ഘാടനത്തിൽ പങ്കെടുത്ത ഐബിഎം സോഫ്റ്റ്‌വെയർ പ്രോഡക്ട്സ് സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. ദിനേശ് നിർമൽ പറഞ്ഞു.

വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച്ച, എഐ നവീകരണത്തിനു മികച്ച സംഭാവന നൽകിയവർക്കുള്ള അനുമോദനം എന്നിവയും കോൺക്ലേവിലുണ്ടാകും. കോൺക്ലേവിനു മുന്നോടിയായി കോളജ് വിദ്യാർഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമായി വാട്സൺ - എക്സ് പ്ലാറ്റ്ഫോമുകളിൽ ഹാക്കത്തണുകളും ഐബിഎമ്മുമായി സഹകരിച്ച് ടെക് ടോക്കും സംഘടിപ്പിക്കും.

## കടലാസിൽ രചിക്കുന്ന വ്യവസായ ചരിത്രം;
### ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ ന്യൂസ്പ്രിൻറ് വിൽപനയുമായി കെപിപിഎൽ



KERALA PAPER PRODUCTS LTD

പ്രതിമാസ ഉൽപാദനത്തിലും വിറ്റുവരവിലും റെക്കോർഡ് നേടിക്കൊണ്ട് കെപിപിഎൽ പുതിയ ഉയരങ്ങൾ കീഴടക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും കേരള സർക്കാർ ഏറ്റെടുത്ത് രൂപീകരിച്ച കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) വാണിജ്യാടിസ്ഥാനത്തിൽ വിപണനം ആരംഭിച്ചതിനുശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ ഉൽപാദനമായ 5236 ടൺ ന്യൂസ് പ്രിന്റ് നിർമ്മാണം 2024 മെയ് മാസത്തിൽ സ്ഥാപനം കൈവരിച്ചു. സ്ഥാപനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ ന്യൂസ്പ്രിൻറ് വിൽപന കൈവരിക്കുവാനും മെയ് മാസത്തിൽ കെ.പി.പി.എല്ലിന് സാധിച്ചു.

ഇറുക്കുമതി ചെയ്യുന്ന അന്താരാഷ്ട്ര ന്യൂസ്പ്രിൻറിനോളം നിലവാരമുള്ളതാണ് കെപിപിഎലിന്റെ ഉൽപ്പന്നങ്ങളെന്നതിനാൽ രാജ്യത്തെ പ്രമുഖ പത്രസ്ഥാപനങ്ങൾ ഇപ്പോൾ കേരളത്തിന്റെ കടലാസാണ് ഉപയോഗിക്കുന്നത്. മലയാളത്തിലെ മുൻനിര പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നിവയെല്ലാം കെ.പി.പി.എൽ ന്യൂസ്പ്രിൻറ് സ്ഥിരമായി ഉപയോഗിക്കുന്നു. ഒപ്പം പ്രമുഖ തമിഴ് ദിനപത്രങ്ങളായ ദിനതന്തി, ദിനകരൻ, ദിനമലർ, മാലൈ മലർ, തെലുങ്ക് ദിനപത്രങ്ങളായ സാക്ഷി, ആന്ധ്രജ്യോതി, നവതെലുങ്കാന, പ്രജാശക്തി, ഹിന്ദി/ഗുജറാത്തി ദിനപത്രങ്ങളായ ദൈനിക് ഭാസ്കർ, ഗുജറാത്ത് സമാചാർ, ഇംഗ്ലീഷ് ദിനപത്രങ്ങളായ ടൈംസ് ഓഫ് ഇന്ത്യ, ദി ഹിന്ദു, ബിസിനസ്സ് സ്റ്റാൻഡേർഡ്, ഫിനാൻഷ്യൽ എക്സ്പ്രെസ്, ഡെക്കാൺ ക്രോണിക്കിൾ എന്നിവ കെപിപിഎൽ ന്യൂസ്പ്രിൻറ് സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്.

# പിഎം എഫ്എംഇ പദ്ധതിയിൽ
# അഭിമാന നേട്ടം സ്വന്തമാക്കി കേരളം

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പിന്തുണ ലഭ്യമാക്കുന്ന പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയിൽ അഭിമാന നേട്ടം സ്വന്തമാക്കി കേരളം. പദ്ധതിയിൻ കീഴിൽ വ്യക്തിഗത വായ്പാ അപേക്ഷ അനുവദിച്ചതിൽ ദേശീയ തലത്തിൽ മൂന്നാം സ്ഥാനം നേടിയാണ് കേരളം മിന്നും തിളക്കം കരസ്ഥമാക്കിയത്. സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കൃത്യമായ ആസൂത്രണവും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മികവാർന്ന നേതൃപാടവവും ആണ് കേരളത്തിന് അഭിമാന നേട്ടം സമ്മാനിച്ചത്.

2023 - 24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം കേരള സംസ്ഥാനത്തിനായി 2526 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. നൽകപ്പെട്ട ലക്ഷ്യവും മറികടന്ന് മികവാർന്ന ലക്ഷ്യപൂർത്തീകരണമാണ് സംസ്ഥാനം കാഴ്ചവച്ചത്. 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 2548 വായ്പകൾക്കാണ് അനുവാദം നൽകിയത്. അതായത് ഗ്രൂപ്പ് വിഭാഗത്തിൽ വായ്പ്പ അനുവദിച്ച 29 സംരംഭങ്ങൾ ഉൾപ്പെടെ 102% ആണ് പദ്ധതിയുടെ ലക്ഷ്യപൂർത്തീകരണം. ഈ പ്രകടനത്തോടെ 2023 - 24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയായിരുന്നു.

ഭക്ഷ്യസംസ്കരണ - മുല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് ആയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഡിസ്ട്രിക്റ്റ് നോഡൽ പോയിന്റ് ആയും പ്രവർത്തിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി ലഭിക്കും.

## പിഎംഎഫ്എംഇ സബ്സിഡി വിതരണം

സംസ്ഥാന നോഡൽ ഏജൻസി (കെബിപ്പ്) കേരളത്തിൽ നിന്നുള്ള 1603 ഗുണഭോക്താക്കൾക്ക് ഗ്രാന്റ് - ഇൻ - എയ്ഡ് സബ്സിഡിയായി നോഡൽ ബാങ്ക് (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ന്യൂഡൽഹി) മുഖേന വായ്പ നൽകുന്ന ബാങ്കുകളുടെ ട്രാൻസിയൻറ് അക്കൗണ്ടുകളിലേക്ക് ഇത് വരെ 40.19 കോടി രൂപ വിതരണം ചെയ്തു.

## വ്യക്തിഗത വായ്പാ അപേക്ഷ
# ദേശീയ തലത്തിൽ കേരളത്തിന് മൂന്നാം സ്ഥാനം





### ഒന്നാമതാണ് കേരളം

നേരത്തെ പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി. എം. എഫ്.എം.ഇ.) സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിലും കേരളം ബഹുദൂരം മുന്നിൽ എത്തിയിരുന്നു. കുടുംബശ്രീയുടെ കീഴിലുള്ള സ്റ്റേറ്റ് അർബൻ ലൈവിലിഹുഡ് മിഷന്റെയും പി.എം. എഫ്.എം.ഇ. പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെയും പരിശ്രമങ്ങളാണ് പദ്ധതി അവലോകന വിലയിരുത്തൽ പട്ടികയിൽ കേരളത്തെ ബഹുദൂരം മുന്നിലെത്താൻ പ്രാപ്തമാക്കിയത്.

### 2023–24 ലെ ലക്ഷ്യവും കൈവരിച്ച എണ്ണവും ജില്ലാടിസ്ഥാനത്തിൽ






PMFME
सूक्ष्म उद्यमों का संबल

▶ ആകെ ലക്ഷ്യം
**2526**

▶ കൈവരിച്ചത്
**2548**

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.